**13-ാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2415** **23.01.2014-ൽ മറുപടിയ്ക്ക്**

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ്

**ചോദ്യം**

**ശ്രീ. ആർ.സെൽവരാജ്**
**ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി**
**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**
**ശ്രീ.പി.എ.മാധവൻ**

(എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനമികവ് വിലയിരുത്തുന്നതിനായി MOU സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച്ചവെയ്ക്കുന്ന സ്ഥാപനങ്ങൾക്ക് റേറ്റിങ്ങ് നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) MOU സംവിധാനം നടപ്പിലാക്കുന്നതു വഴി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ വ്യവസായങ്ങൾ കൈവരിക്കേണ്ട നേട്ടങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് വിലയിരുത്തുന്നതു കൊണ്ട് കമ്പനികളുടെ മൊത്തത്തിലുള്ള പ്രവർത്തന ക്ഷമതയും സുതാര്യതയും വർദ്ധിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ; | (സി) & (ഡി) | 2012 - 13 സാമ്പത്തിക വർഷം 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കി അവയിൽ 10 സ്ഥാപനങ്ങളുടെ അവലോകനം (External Evaluation) നടത്തുന്നതിനായി Centre for Management Development (CMD) യെ ചുമതലപ്പെടുത്തിയിരുന്നു. കൂടുതൽ വിറ്റുവരവും ലാഭവും ഉണ്ടാക്കുന്ന സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തി ഈ സംവിധാനം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ